

എല്ലാ മാസത്തെയും ഒന്നാം തീയതി ഈശോ ആനിലൂടെ തന്റെ ശുശ്രൂഷയെക്കുറിച്ചുള്ള ദൗത്യത്തിന് ഒരു പുതിയ സന്ദേശം നല്കുന്നു.

ഒക്ടോബർ 1, 2011

ഈശോ

എല്ലാം നന്നായിരിക്കുന്നു, പ്രിയപ്പെട്ട അപ്പസ്തോലരെ. ഈ പ്രസ്താവന നിങ്ങളെ ആശ്വസിപ്പിക്കുന്നുണ്ടോ, ലോകത്തിൽ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ കാണുമ്പോൾപോലും? പല സ്ഥലങ്ങളിലും ദുഃഖദുരിതങ്ങൾ ഉണ്ടാകുമ്പോൾപോലും എല്ലാം നന്നായിരിക്കുന്നുവെന്ന് എന്തുകൊണ്ടാണ് ഞാൻ പറയുന്നത്? തങ്ങളുടെ സുരക്ഷിതത്വത്തെയും, വിശ്വാസത്തെത്തന്നെയും ചോദ്യം ചെയ്യുവാൻ തക്കതായ സഹനങ്ങൾമൂലം പീഡിപ്പിക്കപ്പെടുന്ന എന്റെ മക്കൾക്ക് ആശ്വാസം നൽകണമെന്ന എന്റെ മക്കളുടെ നിലവിളി ഞാൻ കേൾക്കുന്നു. ഞാൻ മാത്രമാണ് യഥാർത്ഥ സുരക്ഷിതത്വമെന്നും, എന്നിൽ ആശ്രയിക്കുന്നതുവഴി സമാധാനം നൽകപ്പെടുകയും, ഓരോരുത്തർക്കും അവരുടേതായ അഭിവൃദ്ധി നൽകപ്പെടുകയും ചെയ്യുമെന്ന് എത്ര തവണയാണ് ഞാൻ മാനവരാശിയെ പഠിപ്പിക്കേണ്ടത്. സ്വർഗത്തിന്റെ ദൃഷ്ടിയിൽ എല്ലാം നന്നായിരിക്കുന്നു, അനേകർ കഷ്ടതകൾ സഹിക്കുമ്പോൾ പോലും. സത്യത്തിന്റെ വെളിപ്പെടുത്തൽ മൂലം ദൈവമക്കൾ കഷ്ടത സഹിക്കുന്നുണ്ടോ? ഞാൻ അവരോടുകൂടെ ഉണ്ടെന്നും ഞാൻ മരണത്തെപ്പോലും തോൽപ്പിച്ചെന്നും അവർക്ക് മനസ്സിലാകുന്നുണ്ടോ? എന്റെ സ്നേഹിതരെ, എന്റെ സ്നേഹത്തിന്റെ വ്യാപ്തി മനസിലാക്കാൻ സാധിക്കാത്തവരായി ആരെങ്കിലും ഉണ്ടെങ്കിൽ നിങ്ങളുടെ ജോലി പൂർത്തിയായിട്ടില്ല. എപ്പോഴെങ്കിലും നിങ്ങൾക്ക് ഭയമുണ്ടെങ്കിൽ, നിങ്ങൾ തീർച്ചയായും എന്റെ അടുക്കൽ വരിക. നിങ്ങളെക്കുറിച്ചും നിങ്ങളുടെ ജോലിയെക്കുറിച്ചുമുള്ള എന്റെ ഹിതത്തിന് പുറത്തായ എന്തിൽനിന്നും നിങ്ങളെ ഞാൻ സംരക്ഷിക്കും. നിങ്ങൾ ഇത് തരണം ചെയ്യുമോ? എന്റെ അധികാരം പരിഗണിക്കൂ, പ്രിയപ്പെട്ട അപ്പസ്തോലരെ, നിങ്ങളുടെ ബലഹീനയുടെ വ്യാപ്തി പരിഗണിക്കരുത്. ശത്രുവിന്റെ ശക്തി കണ്ട് ഒരിക്കലും അസ്വസ്ഥരാകരുത്. കാരണം, ശത്രുവിന്റെ ശക്തി എന്നത് ഒരു മിഥ്യയാണ്, ഈ മിഥ്യ ക്ഷണികവും. നിങ്ങളുടെ മനോഹരമായ മനുഷ്യത്വം എന്റെ സ്നേഹഭാജനമായതുപോലെ, നിങ്ങളുടെ ബലഹീനതക്ക് തക്ക പ്രതിഫലം ഞാൻ നല്കുമെന്ന് ഉറച്ച് വിശ്വസിക്കുക. നിങ്ങൾ ബലഹീനമായിരിക്കുന്നിടത്ത് ഞാൻ ശക്തനാണ്. നിങ്ങൾ എന്നിൽ വിശ്വാസമർപ്പിക്കുകയാണെങ്കിൽ, ദുർബ്ബലമായ നിങ്ങളുടെ മാനുഷികതയിൽ എന്റെ ദിവ്യത്വം ഞാൻ നിറയ്ക്കുകയും, നിങ്ങളിൽനിന്നും നിർഗളിക്കുന്നത് ഞാൻ അനുഗ്രഹിക്കുകയും സംരക്ഷിക്കുകയും ചെയ്യും. എപ്പോഴാണ് നിങ്ങൾ നിങ്ങളിൽത്തന്നെ വിശ്വാസമർപ്പിക്കുന്നതെന്ന് മനസ്സിലാകും, കാരണം അപ്പോൾ നിങ്ങൾ ഭയപ്പെട്ടിരിക്കും. ഞാൻ എങ്ങനെയാണ് ഭൂമിയിൽ ജീവിച്ചിരുന്നതെന്ന് ഓർത്തു നോക്കൂ. എന്റെ പിതാവിൽ ഞാൻ ശരണപ്പെട്ടു. ഞാൻ ശാന്തശീലനായിരുന്നു. ഓരോ കാര്യങ്ങളും വളരെ ബോധ്യത്തോടുകൂടി ഞാൻ ചെയ്തിരുന്നു. പിതാവ് എന്നെക്കുറിച്ച് കരുതിയതെല്ലാം ഞാൻ സ്വീകരിക്കുകയും, അതെല്ലാം ഞാൻ വളരെ നന്നായി ചെയ്യുന്നുവെന്ന് കാണുകയും ചെയ്തു. ഞാൻ തിരസ്ക്കരിക്കപ്പെട്ടപ്പോൾ വളരെ ശാന്തമായി ഞാൻ മുന്നോട്ട് നീങ്ങി. ഞാൻ സ്വീകരിക്കപ്പെട്ടപ്പോൾ പിതാവിന്റെ സ്നേഹം നൽകപ്പെടുകയും, പിതാവിന്റെ ഹിതത്തിന്റെ പൂർണത നൽകപ്പെടുകയും ചെയ്തു. നിങ്ങളും ഇത് തന്നെ ചെയ്യുക, പ്രിയപ്പെട്ടവരെ ഇത് തന്നെ ചെയ്യുക. ഞാൻ നിങ്ങളോട് കൂടെയുണ്ട്, എല്ലാം നന്നായിരിക്കുന്നു.

**നമ്മുടെ കാലത്തിനുള്ള മാർഗദർശനം**
**അത്മായ അപ്പസ്തോലയായ ആനിന് നൽകപ്പെട്ടത്.**

കൂടുതൽ വിവരങ്ങൾക്ക്:
www.directionforourtimes.com

Dr. Sunny George
Mob : 940 076 4696
E-mail : geosunny@gmail.com